# പാൽപ്പായസത്തിൻെറ കഥ

ഡാ: കെ. ഭാസ്ക്കരൻനായർ

**സ**മ്പൽ പരംപര പരം പരിവൃദ്ധമാക്കി
മുമ്പമ്പലപ്പുഴ ഭരിച്ചു ധരാനിലമ്പിൻ
തുമ്പജ്ഞ കമ്പമെഴമമ്പിളി കമ്പിളിക്കം
കമ്പിക്ക മാതമിതി, ചെമ്പകശ്ശേരിരാജാ.

(സാഹിത്യപഞ്ചാനനൻ
പി. കെ. നാരായണപിള്ള)

ദേവനാരായണൻ എന്ന സ്ഥാനപ്പേരോടുകൂടി, കേരളത്തിൻെറ നെല്ലറയെന്നു പേരുകേട്ട കുട്ടനാടൻ പ്രദേശങ്ങൾ ഉൾപ്പെട്ട അമ്പലപ്പുഴ (ചെമ്പകശ്ശേരി) രാജ്യം ഭരിച്ചിരുന്ന നമ്പൂതിരി രാജകുടുംബത്തെപ്പററിയുള്ള സ്തുതിയാണിതു്. ഈ കുടുംബത്തിൽ ചതുരംഗം കളിക്കുന്നതിൽ എന്തെന്നില്ലാത്ത ഭ്രമമുള്ള ഒരു രാജാവുണ്ടായിരുന്നു. താൻ ധനവാൻ മാത്രമല്ല മഹാ ബുദ്ധിമാനുമാണെന്നു് അദ്ദേഹം അഹങ്കരിക്കുകയുണ്ടായി. ഒരിക്കൽ ചതുരംഗത്തിൽ വീരതുനേടിയ ആളുകളെയെല്ലാം പന്തയംവെച്ചുള്ള കളിക്കായി അദ്ദേഹം വെല്ലുവിളിച്ചു. ആരും കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത, വെറും സാധാരണക്കാരനായ ഒരു മനുഷ്യനാണു് പന്തയത്തിൽ പങ്കെടുക്കുവാൻ മുന്നോട്ടുവന്നതു്.

"നീയാണോ എന്നെ തോല്പിക്കാൻ വന്നിരിക്കുന്നതു്! കരുക്കൾപോലും നിശ്ചയമില്ലെന്നു തോന്നുന്നുവല്ലോ! ശരി. ഏതായാലും ധൈര്യപ്പെട്ടുവന്നല്ലൊ. അതുകൊണ്ടു് കളിക്കാം. ജയിക്കുകയാണെങ്കിൽ എന്തുവേണം?"

എതിരാളി വളരെ വിനീതനായി മറുപടി പറഞ്ഞു.

"വലുതായിട്ടൊന്നും വേണ്ട. ഞാൻ തോററാൽ എൻെറ കൈയിൽ തരാനൊന്നുമില്ല. അതറിഞ്ഞുവേണമല്ലോ പന്തയം ചോദിക്കാൻ. തിരുമേനി മഹാപ്രഭുവാണു്; രാജാവാണു്. ഒരിക്കലും തോററിട്ടില്ലാത്ത പേരുകേട്ട കളിക്കാരനുമാണു്. ഏതായാലും ഞാൻ ജയിക്കുകയാണെങ്കിൽ എനിക്കു് കുറെ നെന്മണികൾ തന്നാൽ മതി. 64 കളമുള്ള ചതുരംഗപ്പലകയിൽ ആദ്യത്തെ കളത്തിൽ ഒരു നെന്മണി വെയ്ക്കണം. രണ്ടാമത്തെ കളത്തിൽ രണ്ടു്. മൂന്നാമത്തേതിൽ നാലു്, നാലാമത്തേതിൽ എട്ടു്. അഞ്ചാമത്തേതിൽ പതിനാറു്. ആറാമത്തേതിൽ മുപ്പത്തിരണ്ടു്. അങ്ങിനെ ഇരട്ടപ്പെരുക്കത്തിൽ അറുപത്തിനാലു കളവും പൂർത്തിയാക്കികിട്ടുന്ന നെല്ലുമാത്രമേ ഞാൻ ചോദിക്കുന്നുള്ളു".

രാജാവു് പൊട്ടിച്ചിരിച്ചു. "ഇതാണോ പന്തയം! ശരി. സമ്മതിച്ചിരിക്കുന്നു. കളി തുടങ്ങാം".

തുടങ്ങി, ഒന്നുരണ്ടു കരുനീക്കങ്ങൾ കണ്ടപ്പോൾ എതിരാളി താൻ വിചാരിച്ചതുപോലെ മോശക്കാരനല്ലെന്നു് രാജാവിനു് മനസ്സിലായി. അദ്ദേഹം ആദ്യത്തെ ലാഘവബുദ്ധിയെല്ലാം ഉപേക്ഷിച്ചു് നല്ലതുപോലെ ആലോചിച്ചു് കളിക്കുവാൻ നിശ്ചയിച്ചു. എളുപ്പത്തിൽ ജയിക്കാമെന്നാണു് അദ്ദേഹം വിചാരിച്ചതു്. അതു് സാദ്ധ്യമല്ലെന്നു് വളരെ വേഗം ബോദ്ധ്യമായി. എന്നല്ല, എതിരാളി തന്നെ തോല്പിച്ചുകളയുമോ എന്നുള്ള ഭയവും ഉണ്ടായിത്തുടങ്ങി. പന്തയം സാരമില്ല; പക്ഷേ അജയ്യനായ കളിക്കാരൻ

Digitized by Kerala Sahitya Akademi

എന്ന തൻെറ യശസ്സിന് ഹാനിതട്ടുമല്ലോ എന്നായിരുന്ന ഭയം.

വളരെ വാശിയോടെ, തൻെറ വൈദഗ്ദ്ധ്യം മുഴവനും പ്രയോഗിച്ച് കളിച്ചെങ്കിലും, ഒടുവിൽ രാജാവ് ഭയപ്പെട്ടതുപോലെതന്നെ സംഭവിച്ചു. അദ്ദേഹം കളിയിൽ തോററു് അടിയറവു പറഞ്ഞു. എതിരാളിയുടെ നേർക്ക് അദ്ദേഹത്തിനു് അളവററ ആദരവുതോന്നി. ആദ്യം നിശ്ചയിച്ച നെന്മണിപ്പന്തയം പോരെന്നും വിലപിടിപ്പുള്ള സമ്മാനങ്ങൾ സ്വീകരിക്കണമെന്നും ദേവനാരായണൻ നിർബന്ധിച്ചു. താൻ സാധുവാണെങ്കിലും സത്യമുള്ളവനാണെന്നും, പറഞ്ഞ വാക്കിൽനിന്നു് കടുകിട മാറുകയില്ലെന്നും, നെന്മണികൾ മാത്രമേ തനിക്കു വേണ്ടൂ എന്നും, എതിരാളി വിനയപൂർവ്വം ഉറപ്പിച്ചുപറഞ്ഞു. അനല്പമായ അത്ഭുതത്തോടെ രാജാവ് അതിനു വഴങ്ങി. നെല്ല് കൊണ്ടുവരുവാൻ ആജ്ഞാപിച്ചു.

കണക്കുതെററരുതെന്നും ഓരോ കളത്തിലായി നെന്മണികൾ എണ്ണിവെയ്ക്കണമെന്നും എതിരാളി നിർബന്ധിച്ചു. അതും ഒരു കളിയെന്നുകരുതി രാജാവ് ചതുരംഗപ്പലകയിൽ പന്തയധാന്യം നിരത്തുവാൻ തുടങ്ങി. പക്ഷേ ആദ്യത്തെ എഴെട്ടുകളങ്ങൾ പൂർത്തിയായപ്പോൾതന്നെ നെല്ല് കളത്തിൽ കൊള്ളാതായി. ഓരോരോ മണികളായി എണ്ണുന്നതിലും പ്രയാസം നേരിട്ടു. രാജാവിൻെറ ബുദ്ധിമുട്ടുകണ്ടു് എതിരാളി; ''എണ്ണണമെന്നില്ല, ബാക്കിയുള്ളതു് നിലത്തു് അളന്നു വെച്ചാൽ മതി'' എന്നു പറഞ്ഞു. രാജസേവകന്മാർ അളവുതുടങ്ങി. പക്ഷേ നാഴിയും ഇടങ്ങഴിയും പറയും കൊണ്ടു് അളന്നാലൊന്നും തീരുകയില്ലെന്നു് വളരെവേഗം വ്യക്തമായി. 64 കളങ്ങളിൽ പകുതി പോലും ആകുന്നതിനുമുമ്പ് അളവും മതിയാക്കേണ്ടിവന്നു. പിന്നെ പത്തായങ്ങളുടേയും അറകളുടേയും നെല്ലുരകളുടേയും എണ്ണംനോക്കി കണക്കെടുക്കുവാൻ ശ്രമിച്ചു.

അതുകൊണ്ടും രക്ഷയില്ലെന്നു കണ്ടപ്പോൾ കുട്ടനാട്ടിൻെറ അധിപനായ ദേവനാരായണൻ തൻെറ രാജ്യത്തുള്ള നെല്ലുമുഴവനും പന്തയത്തിൻെറ കടംവീട്ടുവാൻ നീക്കിവെച്ചു. പക്ഷേ ഒരു ഫലവും ഉണ്ടായില്ല. ഇരട്ടപ്പെരുക്കമാണു്. ഒരു കളം പൂർത്തിയാക്കി അടുത്തതിൽ പ്രവേശിക്കുമ്പോൾ അതിലെറ ഇരട്ടി നെല്ലുവേണം. എന്തു ചെയ്യും! തകഴിയും പുളിങ്കുന്നും കൈനകരിയും കാവാലവും തലവടിയും കോഴിമുക്കം എന്നുവേണ്ട, കുട്ടനാട്ടിലെ കരികളും കരകളും പാടശേഖരങ്ങളും എല്ലാം നീക്കിവെച്ചിട്ടും കളങ്ങൾ തീർന്നില്ല. രാജാവ് അന്ധാളിച്ചു. കളിക്കാരനെന്നുള്ള യശസ്സോ പോകട്ടെ; വാഗ്ദാനംചെയ്ത പന്തയംപോലും കൊടുത്തുതീർക്കുവാൻ തനിക്ക് കഴിയുകയില്ലെന്നു് അദ്ദേഹം മനസ്സിലാക്കി. ഈ ബോധോദയത്തിൽ മഹാബുദ്ധിമാനെന്നും ധനധാന്യസമ്പത്തിൽ കിടയില്ലാത്തവനെന്നുമുള്ള അദ്ദേഹത്തിൻെറ അഹങ്കാരം ഭസ്മമായി.

ദേവനാരായണൻ സപ്തനാഡികളും തളന്നു്, കിരാതത്തിലെ അർജ്ജുനനെപ്പോലെ എതിരാളിയുടെ മുഖത്തുനോക്കി. സാധുവായ ആ ചതുരംഗംകളിക്കാരൻെറ സ്ഥാനത്തു് പുഞ്ചിരിതൂകി നില്ക്കുന്ന സാക്ഷാൽ ശ്രീകൃഷ്ണനെയാണു് അദ്ദേഹം കണ്ടതു്. രാജാവ് ആ തൃച്ചേവടികളിൽ സാഷ്ടാംഗപ്രണാമംചെയ്തു് മാപ്പുചോദിച്ചു.

''പന്തയം തീർന്നു. എനിക്ക് ദിവസവും
പാല്പായസം നിവേദിച്ചു് കടംവീട്ടുക''.

എന്നു് കാരുണ്യപൂർണ്ണേക്ഷണനായി അരുളിച്ചെയ്തു് അനുഗ്രഹിച്ചശേഷം ഭഗവാൻ അന്തർദ്ധാനംചെയ്തു. ഇതാണു് അമ്പലപ്പുഴ പാല്പായസത്തിൻെറ കഥ–എത്രയോ നിസ്സാരമായിത്തോന്നുന്ന ഒരു എണ്ണുവടിക്കണക്കിൽ അന്തർഭവിച്ചിട്ടുള്ള ആപത്തിൻെറ കഥ.

Digitized by Kerala Sahitya Akademi